LIBRARY ARCHIVES Kerala Legislative Assembly

കോട്ടക്കൽ വനിതാ സ്പോർട്സ് അക്കാഡമി

315 (2144) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ കോട്ടക്കൽ വനിതാ സ്പോർട്സ് അക്കാഡമി യാഥാർത്ഥ്യമാക്കാനാകാത്ത സാഹചര്യത്തിൽ ഇതിനായി സായ് അധികൃതർക്കു വിട്ടുനൽകിയ ഭൂമിയിൽ സംസ്ഥാന സ്പോർട്സ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പൊതുകായിക അക്കാദമി ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ; ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കൊല്ലം ജില്ലയിലെ ചടയമംഗലത്ത് സായിയുടെ ആഭിമുഖ്യത്തിൽ ഒരു മൾട്ടി സ്പോർട്സ് അക്കാഡമി സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ സമ്മതം 29-8-2014 -ലെ 804/എ 2/2010/കാ.യു.വ. കത്ത് പ്രകാരം കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും ഇതു സംബന്ധിച്ച തുടർ നടപടികൾ ആരംഭിച്ചിട്ടില്ല.

കേരള സംസ്ഥാന ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ

316 (2145) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ വരുമാന മാർഗ്ഗങ്ങൾ എന്തൊക്കെയാണ് ; 2005 ഏപ്രിൽ മുതൽ 2015 നവംബർ വരെ തീയേറ്ററുകളിൽ നിന്നുള്ള വരുമാനം എത്ര രൂപയാണ് ; വർഷം, തീയേറ്ററുകൾ എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) 2005 ഏപ്രിൽ മുതൽ 2015 നവംബർ വരെയുള്ള സ്റ്റുഡിയോ വരുമാനം എത്ര രൂപയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) 2005 ഏപ്രിൽ മുതൽ 2015 നവംബർ വരെയുള്ള മറ്റ് വരുമാനം എത്ര രൂപയാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ ;

(ഡി) കോർപ്പറേഷന്റെകീഴിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും ഇവരുടെ ശമ്പള ഇനത്തിൽ പ്രതിമാസം എത്ര രൂപ ചെലവഴിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ?